**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1261 — 11.02.2016 ൽ - മറുപടിക്ക്

## എൻഡ് ടു എൻഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ വിതരണത്തിനായി "എൻഡ് ടു എൻഡ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാ ക്കുമോ; | (എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് (**DPR**) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനു ദ്ദേശിക്കുന്നത്; | (ബി) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണ ഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന എഫ്.സി.ഐ.യിൽ നിന്നും എ.ആർ.ഡി.കളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ |

പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് റേഷൻ വിതരണത്തിന് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) ആധാറും ബാങ്ക് അക്കൗണ്ട് വിവരങ്ങളും ഉൾപ്പെടെ സമഗ്രമായ ഒരു ഗുണഭോക്തൃ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 കടകളിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഈ റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. പരാതി പരിഹാരത്തിന് ഒരു സോഫ്റ്റ്‌വെയർ **(GR - Grievance Redressal)** തയ്യാറാക്കി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചു വരുന്നു. ഓൺലൈനായി എ.ആർ.ഡി. തലത്തിലുള്ള അലോക്കേഷൻ വീക്ഷിക്കുന്നതിന് സോഫ്റ്റ്‌വെയർ **(Online allocation software)** വികസിപ്പിച്ചിട്ടുണ്ട്. |

Thulasi

*സെക്ഷൻ ഓഫീസർ*